കേരള സർക്കാർ

പറപ്പൂർ ഗ്രാമപഞ്ചായത്ത്

പൗരാവകാശ രേഖ



വിലാസവും ബന്ധപ്പെടണ്ടേ വിവരങ്ങളും:

വിലാസം:
പറപ്പുർ പി.ഒ, മലപ്പുറം ജില്ല, പിൻ: 676503

ഫോൺ നമ്പർ:
0483-2742290

ഇമെയിൽ:
mpmparappurqpj@gmail.com

വെബ്സൈറ്റ്:
http://parappurpanchayat.lsgkerala.gov.in

പൗരാവകാശ രേഖ

പറപ്പൂർ പി.ഒ, മലപ്പുറം ജില്ല,
പിൻ: 676503 ഫോൺ: 0483-2742290,
Email: mpmparappurgp@gmail.com, **Web** :http://lsgkerala.in/parappurpanchayat/



പറപ്പൂർ ഗ്രാമപഞ്ചായത്തിൽ നിന്നും നൽകുന്ന
സേവനങ്ങളും അവയുടെ നിബന്ധനകളും



എന്റെ ജീവിതമാണ്
എന്റെ സന്ദേശം



പറപ്പൂർ ഗ്രാമപഞ്ചായത്ത്
പൗരാവകാശ രേഖ

ആമുഖം

പ്രിയപ്പെട്ടവരേ,

ഭരണഘടനയുടെ 73-ാം വകുപ്പ് ഭേദഗതിയുടെ അടിസ്ഥാനത്തിൽ കേരളത്തിൽ 1994-ലെ പഞ്ചായത്ത് രാജ് അക്ടും തുടർന്ന് ത്രിതല പഞ്ചായത്തു സംവിധാനവും നിലവിൽ വന്നു. പഞ്ചായത്ത് രാജ് ആക്ട് പ്രകാരമുള്ള ഗ്രാമസഭകൾ ജനാധിപത്യത്തിന്റെ അടിസ്ഥാന ശിലകളായി മാറുകയും ചെയ്തു. അധികാര വികേന്ദ്രീകരണത്തിന്റെ ഫലമായി സേവനം താഴെത്തട്ടിലേക്ക് വളരെ വേഗം എത്തിക്കുന്നതിന് ഈ കൊറോണകാലത്തും ജനപ്രതിനിധികളുടേയും ഗ്രാമപഞ്ചായത്തിലേയും ഘടകസ്ഥാപനങ്ങളിലേയും ജീവനക്കാരുടെ ഒത്തൊരുമയോടുള്ള പ്രവർത്തനങ്ങൾമൂലം കഴിയുന്നു എന്നതിൽ നമ്മുക്ക് അഭിമാനിക്കാം. ഓരോ പൗരന്മാരും ഭരണകാര്യത്തിൽ എന്ന പോലെ തന്നെ അവനെ സംബന്ധിക്കുന്ന ധാരാളം അവശ്യസേവന സഹായങ്ങൾക്കായി സ്ഥിരമായി ബന്ധപ്പെടുന്ന ഒരു സ്ഥാപനമായി ഗ്രാമപഞ്ചായത്ത് മാറി. ഇപ്രകാരം പഞ്ചായത്തിൽ നിന്നും പൗരന്മാർക്ക് ലഭ്യമാകുന്ന സേവനങ്ങൾ ഏതെല്ലാമെന്നും ആയതിന് ഏതൊക്കെ രേഖകൾ അപേക്ഷയോടൊപ്പം ഹാജരാക്കേണമെന്നും അറിയേണ്ടത് ആവശ്യമാണ്. അതുവഴി ഗ്രാമപഞ്ചായത്തിൽ നിന്നും ഘടകസ്ഥാപനങ്ങളിൽ നിന്നും ഉള്ള സേവനങ്ങൾ താമസംകൂടാതെ ലഭ്യമാക്കുന്നതിന് കഴിയും ഗ്രാമപഞ്ചായത്തുകളിൽ നിന്നും നിയമാനുസൃതം ലഭിക്കേണ്ട സേവനങ്ങൾ കിട്ടുകയെന്നുള്ളത് ഓരോ പൗരന്റെയും അവകാശമാണ്. ഇത് ഉറപ്പുവരുത്തുന്നതിന് പഞ്ചായത്ത് രാജ് നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ളവകുപ്പുകളാണ് അറിയുവാനുള്ള അവകാശവും, പൗരവകാശരേഖയും. പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 272 എ പ്രകാരം ഗ്രാമപഞ്ചായത്ത് ഒരു പൗരാവകാശ രേഖ പ്രസിദ്ധീകരിക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ ഈ പൗരാവകാശ രേഖ സന്തോഷപൂർവ്വം സമർപ്പിക്കുന്നു.

ഒപ്പ്
വി. സലീമ
പ്രസിഡന്റ്

പറപ്പൂർ
01.10.2021

പറപ്പൂർ ഗ്രാമപഞ്ചായത്ത്
പൗരാവകാശ രേഖ 2020

CITIZEN'S CHARTER

പൗരന്മാർക്കുള്ള സേവന വിവരങ്ങളുടെ രേഖ

പറപ്പൂർ ഗ്രാമപഞ്ചായത്ത്

പൗരാവകാശ രേഖ

2020

PARAPPUR GRAMA PANCHAYAT

OFFICIAL DOCUMENT

പറപ്പൂർ ഗ്രാമപഞ്ചായത്ത്
പൊതു വിവരങ്ങൾ

തദ്ദേശഭരണ സ്ഥാപനത്തിന്റെ പേര്	– പറപ്പൂർ ഗ്രാമപഞ്ചായത്ത്
വിലാസം	– പറപ്പൂർ പി.ഒ, 676503 മലപ്പുറം ജില്ല
ഇ-മെയിൽ	– mpmparappurgp@gmail.com,
വെബ്സൈറ്റ്	– http://lsgkerala.in/parappurpanchayat/
ഫോൺ – ഓഫീസ്	– 04843-24922000
പ്രസിഡന്റ്	– വി സലീമ ടീച്ചർ
സെക്രട്ടറി	– ഹരികുമാർ റ്റി ഡി
വൈ.പ്രസിഡന്റ്	– കുഞ്ഞഹമ്മദ് സി
ബ്ലോക്ക് പഞ്ചായത്ത്	– വേങ്ങര
ജില്ലാ പഞ്ചായത്ത്	– മലപ്പുറം
താലൂക്ക്	– തിരൂരങ്ങാടി
വിസ്തീർണ്ണം	– 18.5 ച. കി.
നിയമസഭാ മണ്ഡലം	– വേങ്ങര
ലോകസഭാ മണ്ഡലം	– മലപ്പുറം
ജനസംഖ്യ (2011)	– 36272
പുരുഷൻമാർ	– 16898
സ്ത്രീകൾ	– 19374
ജില്ല	– മലപ്പുറം
താലൂക്ക്	– തിരൂരങ്ങാടി
ഉൾപ്പെടുന്ന വില്ലേജ്	– പറപ്പൂർ
വാർഡുകൾ	– 19

പറപ്പൂർ ഗ്രാമപഞ്ചായത്ത് ഭരണസമിതി



വി. സലീമ ടീച്ചർ
(പ്രസിഡന്റ്)



സി. കുഞ്ഞഹമ്മദ് മാസ്റ്റർ
(വൈസ് പ്രസിഡന്റ്)



റസിയ. പി.ടി
(സ്റ്റാന്റിംഗ് കമ്മറ്റി ചെയർ പേഴ്സൺ വികസനം)



ഇ.കെ സൈദുബിൻ
(സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ ക്ഷേമകാര്യം)



ഉമൈബ ഊർശുമണ്ണിൽ
(സ്റ്റാന്റിംഗ് കമ്മറ്റി ചെയർ പേഴ്സൺ ആരോഗ്യം)



സുമിത്ര. വി.പി
(മെമ്പർ)



വേലായുധൻ. എ
(മെമ്പർ)



എ.പി. ഹമീദ്
(മെമ്പർ)



ഷാഹിദ. എ.പി
(മെമ്പർ)



ലക്ഷ്മണൻ. സി
(മെമ്പർ)



നസീമ
(മെമ്പർ)



അംജതാജാസ്മിൻ. ടി
(മെമ്പർ)



അബ്ദുൽ കബീർ മാസ്റ്റർ (മെമ്പർ)



സുലൈമാൻ. ടി.ഇ
(മെമ്പർ)



സുമയ്യ. എൻ
(മെമ്പർ)



ഫസ്ന ഫർസാന.പി
(മെമ്പർ)



ആബിദ. ടി
(മെമ്പർ)



താഹിറ. കെ
(മെമ്പർ)



അബ്ദുൽ റസാഖ്. ടി
(മെമ്പർ)



ഹരികുമാർ
(സെക്രട്ടറി)

അതിരുകൾ

വടക്ക് – വേങ്ങര,ഊരകം ഗ്രാമപഞ്ചായത്തുകൾ

പടിഞ്ഞാറ് – എടരിക്കോട് ഗ്രാമപഞ്ചായത്ത്

തെക്ക് – കോട്ടക്കൽ മുനിസിപ്പാലിറ്റി,
എടരിക്കോട് ഗ്രാമപഞ്ചായത്ത്

കിഴക്ക് – ഒതുക്കുങ്ങൽ ഗ്രാമപഞ്ചായത്ത്

ബ്ലോക്ക് ഡിവിഷനുകൾ – പാലാണി, പറപ്പൂർ ,എടരിക്കോട്

പാർലമെന്റ് അംഗം – ശ്രീ. എം.പി. അബ്ദുൽസമദ് സമദാനി
(മലപ്പുറം ലോക സഭാ മണ്ഡലം)

നിയമസഭാ അംഗം – – ശ്രീ. പി.കെ.കുഞ്ഞാലിക്കുട്ടി
(വേങ്ങര നിയമസഭാ മണ്ഡലം)

ജില്ലാപഞ്ചായത്ത് പ്രസിഡന്റ് – മലപ്പുറം – ശ്രീമതി . റഫീഖ.

ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് – വേങ്ങര – ശ്രീമതി . ബൻസീറ

മെമ്പർ ജില്ലാപഞ്ചായത്ത് – – ശ്രീ.ടി.പി.എം ബഷീർ

മെമ്പർ ബ്ലോക്ക് പഞ്ചായത്ത് – പാലാണി – സഫിയ കെ

മെമ്പർ ബ്ലോക്ക് പഞ്ചായത്ത് – പറപ്പൂർ– നാസർ പറപ്പൂർ

അംഗൻവാടികൾ – 36

പറപ്പൂർ ഗ്രാമപഞ്ചായത്ത് -ജനപ്രതിനിധികളുടെ വിവരങ്ങൾ

വാർഡ്	പേര്	ഫോൺനമ്പർ	മേൽവിലാസം
1	സുമിത്ര ദിവാകരൻ	9847289937	താഴെത്തെ പുരക്കൽ ഇല്ലിപ്പുലാക്കൽ വേങ്ങര (പി.ഒ) മലപ്പുറം 676304
2	ഇ കെ സെയ്ദുബിൻ	9947410788	എടക്കണ്ടൻ ഹൗസ് പുഴച്ചാൽ വേങ്ങര (പി.ഒ) മലപ്പുറം 676304
3	വേലായുധൻ	9037393945	പൈക്കാടൻ ചുള്ളിപറമ്പ് വേങ്ങര (പി.ഒ) മലപ്പുറം
4	കുഞ്ഞഹമ്മദ് മാസ്റ്റർ	9446308109	ചുരപ്പിലാക്കൽ ഇരിങ്ങല്ലൂർ ഇരിങ്ങല്ലൂർ (പി ഒ) മലപ്പുറം 676304
5	എ പി ഹമീദ്	9656264441	അമ്പലവൻ പൊയ്കയിൽ ഇരിങ്ങല്ലൂർ ഇരിങ്ങല്ലൂർ (പി ഒ) മലപ്പുറം 676304
6	എ . പി ഷാഹിദ	8606019881	അമ്പലവൻ ഹൗസ് ഇരിങ്ങല്ലൂർ ഇരിങ്ങല്ലൂർ (പി ഒ) മലപ്പുറം 676304
7	ലക്ഷ്മണൻ ചക്കുവായിൽ	9744229692	ചക്കുവാഴിൽ ഹൗസ് ഇരിങ്ങല്ലൂർ ഇരിങ്ങല്ലൂർ (പി ഒ) മലപ്പുറം 676304
8	നസീമ സിറാജ്	9744021410	അമ്പലവൻ ഹൗസ് കുഴിപ്പുറം, മാട്ടണപ്പാട് മറ്റത്തൂർ (പി.ഒ) മലപ്പുറം 676528
9	അജിതാ ജാസ്മിൻ	9562912818	കറുമണ്ണിൽ ഹൗസ് കുഴിപ്പുറം മറ്റത്തൂർ (പി.ഒ) മലപ്പുറം 676528
10	സലീമ ടീച്ചർ	9633889533	കറുമണ്ണിൽ ഹൗസ് കുഴിപ്പുറം ഇരിങ്ങല്ലൂർ (പി ഒ) മലപ്പുറം 676304

11	അബ്ദുൽ കബീർ മാസ്റ്റർ	9605885960	ചെമ്പകശ്ശേരി ആസാദ് നഗർ പറപ്പൂർ (പി.ഒ) മലപ്പുറം 676503
12	ടി ഇ സുലൈമാൻ	9847181731	തുമ്പത്ത് എടപ്പനാട്ട് കിഴക്കെക്കുണ്ട് പറപ്പൂർ (പി.ഒ) മലപ്പുറം 676503
13	എടക്കണ്ടൻ സുമയ്യ	906117452	എടക്കണ്ടൻ ഹൗസ് കുരിക്കൾ ബസാർ പറപ്പൂർ (പി.ഒ) മലപ്പുറം 676503
14	ഫസ്ന ഫർസാന(ഫസ്ന ആബിദ്)	7034405469	നടുത്തൊടി ഹൗസ് മുല്ലപ്പറമ്പ് പറപ്പൂർ(പി.ഒ) മലപ്പുറം 676503
15	ആബിദ	9037337540	തുമ്പത്ത് ഹൗസ് കൊഴൂർ പറപ്പൂർ (പി.ഒ) മലപ്പുറം 676503
16	പി ടി റസിയ	9846989189	പള്ളിയാളിത്തൊടിക പൊട്ടിപ്പാറ പറപ്പൂർ(പി.ഒ) മലപ്പുറം 676503
17	എടയാടൻ താഹിറ ടീച്ചർ	7561884955	എടയാടൻ ഹൗസ് ചോലക്കുണ്ട് പറപ്പൂർ (പി.ഒ) മലപ്പുറം 676503
18	ഉമൈബ ഊർശ്ശമണ്ണിൽ	9656675306	ഊർശ്ശമണ്ണിൽ ഹൗസ് ചോലക്കുണ്ട് പറപ്പൂർ(പി.ഒ) മലപ്പുറം 676503
19	അബ്ദുൾ റസാക്ക്(ബാവ)	9048690513	തയ്യിൽ ഹൗസ് വട്ടപ്പറമ്പ് പറപ്പൂർ(പി.ഒ) മലപ്പുറം 676503

ജീവനക്കാരുടെ വിവരങ്ങൾ

സെക്രട്ടറി	-	ഹരികുമാർ റ്റി ഡി
അസി.സെക്രട്ടറി	-	സീമ പി ഐ
ഹെഡ് ക്ലർക്ക്	-	ജോസ് ജെ
അക്കൗണ്ടന്റ്	-	സുനിൽകുമാർ
സീനിയർ ക്ലർക്ക്	-	സാബുദ്ധീൻ എസ്
സീനിയർ ക്ലർക്ക്	-	ഷിബിന കെ റഷീദ്
സീനിയർ ക്ലർക്ക്	-	രാജേഷ് എം
ക്ലർക്ക്	-	ബ്ലസി വി എൻ
ക്ലർക്ക്	-	രാഹുൽ രാജ്
ക്ലർക്ക്	-	സുബൈദ
ക്ലർക്ക്	-	

ഓഫീസ് അറ്റൻഡന്റ്	-	അനിൽ പ്രദീപ് സി ആർ
ടെക്നിക്കൽ അസിസ്റ്റന്റ്	-	സദ്ദാദ് .വൈ പി
പാർട്ട് ടൈം സ്വീപ്പർ	-	റജുല

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി വിഭാഗം

ഓവർസിയർ	-	മുഹമ്മദ് ഷഹീദ്
അക്കൗണ്ടന്റ് കം ഐ.ടി അസിസ്റ്റന്റ്	-	മുഹമ്മദ് ബഷീർ
ഡ്രൈവർ	-	യാസർ കെ സി

നിർവ്വഹണ ഉദ്യോഗസ്ഥർ

1) സെക്രട്ടറി – ശ്രീ. ഹരികുമാർ റ്റി ഡി

2) അസിസ്റ്റന്റ് സെക്രട്ടറി – ശ്രീമതി. സീമ പി ഐ

3) അസിസ്റ്റന്റ് എഞ്ചിനീയർ – ശ്രീ. നന്ദകുമാർ

4) മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) – ഡോ.ഉസ്മാൻ പഞ്ചിളി

5) മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) – ഡോ.ദിവ്യ

6) മെഡിക്കൽ ഓഫീസർ (ഹോമിയോ) – ഡോ.ഷമീമ

7) വെറ്റിറിനറി സർജ്ജൻ – ഡോ.ഐസക് ജോർജ്

8) കൃഷി ഓഫീസർ – ശ്രീ. മഹ്സൂമ

9) വി ഇ ഒ – ശ്രീ.വിനയകുമാർ

10) ഐ സി ഡി എസ് സൂപ്പർവൈസർ – ശ്രീമതി. ബിന്ദു ടി .എം

11) ഹെഡ്മാസ്റ്റർ – ശ്രീമതി. സുബൈദ



ഉപസംഹാരം

പറപ്പൂർ ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടേയും ജീവനക്കാരുടേയും കൂട്ടായ പ്രയത്നങ്ങൾ പറപ്പൂർ ഗ്രാമപഞ്ചായത്തിന് അന്താരാഷ്ട്ര നിലവാരമായ ഐ എസ് ഒ സർട്ടിഫിക്കേഷൻ നേടുന്നതിന് കഴിഞ്ഞു. ആയത് സ്നേഹപൂർവ്വം സ്മരിക്കുന്നു. ഈ കൊറോണ പകർച്ചവ്യാധി കാലയളവിലും ഗ്രാമപഞ്ചായത്തിന്റേയും ഘടക സ്ഥാപനങ്ങളുടേയും പ്രവർത്തനങ്ങൾ ജനോപകാരപ്രദമാക്കുന്നതിന് നമ്മൾക്ക് കഴിഞ്ഞിട്ടുണ്ടെന്നതിൽ നമ്മുക്ക് അഭിമാനിക്കാം. ഗ്രാമപഞ്ചായത്തിൽ നിന്നും നൽകുന്ന സേവനങ്ങൾ വേഗത്തിലാക്കുന്നതിനായി പഞ്ചായത്ത് നിവാസികളുടെ സഹകരണം അനിവാര്യമാണ്. സേവനങ്ങളും ആയതിന് ഗ്രാമവാസികൾ ഹാജരാക്കേണ്ട രേഖകൾ മുതലായവയെകുറിച്ചുമൊക്കയുള്ള വിവരങ്ങൾ എല്ലാവിഭാഗം ജനങ്ങളിലും എത്തിക്കുന്നതിന് പഞ്ചായത്ത് ഓഫീസിൽ നിന്നും ഘടക സ്ഥാപനത്തിൽ നിന്നും നൽകി വരുന്ന എല്ലാ സേവനങ്ങളും ഉൾപ്പെടുത്തി പൗരാവകാശ രേഖ പ്രസിദ്ധീകരിച്ചിരിക്കുകയാണ്. ഗ്രാമപഞ്ചായത്തിന്റേയും വിട്ടുകിട്ടിയ എല്ലാ ഘടക സ്ഥാപനങ്ങളിലെയും ജീവനക്കാരുടെ സേവനം ഇത് പ്രകാരം ഉറപ്പ് വരുത്തിയിരിക്കുന്നു കേരള പഞ്ചായത്ത് രാജ് നിയമങ്ങളും ചട്ടങ്ങളും അനുശാസിക്കുന്നതും വിവിധ സ്റ്റാറ്റ്യൂട്ടറി നിയമങ്ങളിലൂടെ ലഭിച്ചിട്ടുള്ള അധികാരങ്ങൾ എന്നിവ ഫലപ്രദമായും കാര്യക്ഷമമായും സുതാര്യമായും നടപ്പിലാക്കുന്നതിനും പഞ്ചായത്തിന്റെ സമൂല വികസനം സാധ്യമാക്കുന്നതിനും ഇത് വഴി കഴിയും എന്ന് വിശ്വസിക്കുന്നു. ഈ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്ന ഭരണ സമിതിയും, പഞ്ചായത്തിലെയും ഘടക സ്ഥാപനങ്ങളിലെയും ജീവനക്കാർക്കും വർക്കിംഗ് ഗ്രൂപ്പ് പ്രതിനിധികൾ, വാർഡ് സഭ – അയൽസഭ പ്രതിനിധികൾ , കുടുംബശ്രീ പ്രതിനിധികൾ ഗ്രാമസഭാ അംഗങ്ങൾ തുടങ്ങി എല്ലാവരുടെയും ആത്മാർത്ഥസഹകരണത്തിന് നന്ദി രേഖപ്പെടുത്തിക്കൊള്ളുന്നു.

വിശ്വസ്തതയോടെ
(ഒപ്പ്)

ഹരികുമാർ റ്റി ഡി
സെക്രട്ടറി
പറപ്പൂർ ഗ്രാമപഞ്ചായത്ത്

പറപ്പൂർ
01.10.2021

പറപ്പൂർ ഗ്രാമപഞ്ചായത്തിന്റെ പൗരാവകാശരേഖ 2017 – സേവനങ്ങളും അവയുടെ നിബന്ധനകളും (പറപ്പൂർഗ്രാമ പഞ്ചായത്തിന്റെ 18.08.2021 തീയതിയിലെ 4 (1) നമ്പർ തീരുമാന പ്രകാരം കാലികമാക്കിയത്)

താഴെപറയുന്ന സേവനങ്ങൾ പറപ്പൂർ ഗ്രാമപഞ്ചായത്തിൽ നിന്നും പൗരൻമാർക്ക് സമയബന്ധിതമായി ലഭ്യമാക്കുന്നതാണ്. (ഹാജരാക്കേണ്ട അപേക്ഷാഫോറം / അപേക്ഷയുടെ മാതൃക ഗ്രാമ പഞ്ചായത്തിൽ നിന്നും ലഭിക്കുന്നതാണ്.)

.....

ക്രമനമ്പർ	ലഭ്യമാകുന്ന സേവനങ്ങളുടെ വിവരം	അപേക്ഷകൻ പാലിക്കേണ്ടനിബന്ധനകൾ		സേവനം ലഭ്യമാക്കുന്നതിനുള്ള സമയപരിധി (അപേക്ഷ കിട്ടിയതിന് ശേഷമുള്ള സമയം/ദിവസം)	അപേക്ഷ സമർപ്പിക്കേണ്ടത്	നടപടികളിന്മേലുള്ള പരാതി പരിഹാരത്തിന് ബന്ധപ്പെടേണ്ട ഓഫീസർ
		ഹാജരാക്കേണ്ടരേഖകൾ	ഫീസ്			
1	ജനന-മരണ റിപ്പോർട്ടുകൾ(ജനനം/ മരണം നടന്ന് 21 ദിവസങ്ങൾക്കകം)	1. ജനനമരണ റിപ്പോർട്ട് നിശ്ചിത മാതൃകയിൽ (ഫോറം 1, 2, 3 എന്നിവയിൽ ബാധകമായത്). ഒിവരം നൽകുന്നയാൾ കുടുംബനാഥൻ, മുതിർന്ന അംഗം, അടുത്ത ബന്ധു എന്നിവരിലാരെങ്കിലുമായിരിക്കണം. 2. സ്ഥാപനങ്ങളിൽ വച്ച് നടന്ന ജനന/മരണമാണെങ്കിൽ സ്ഥാപന മേധാവി മേലൊപ്പ് ഇടണം. 3. പൊതുസ്ഥലത്ത് നടന്ന അസ്വാഭാവിക മരണമാണെങ്കിൽ ചുമതലപ്പെട്ട സ്റ്റേഷൻ ഹൗസ് ഓഫീസർ റിപ്പോർട്ട് ചെയ്യണം. 4. അസ്വാഭാവികമരണം വീട്ടിൽ വെച്ചാണെങ്കിൽ ഗൃഹനാഥന് മരണം റിപ്പോർട്ട് ചെയ്യാവുന്നതാണ്. 5. വാഹനത്തിൽ വെച്ചാണെങ്കിൽ വാഹനത്തിന്റെ ചുമതലക്കാരൻ റിപ്പോർട്ട് ചെയ്യണം.	ഇല്ല	7 പ്രവൃത്തി ദിവസം (കിയോസ്ക്ക് ഉള്ള ആശുപത്രിയാണെങ്കിൽ അന്നേ ദിവസം)	സെകട്ടറി	പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

2.	ജനന-മരണ റിപ്പോർട്ടുകൾ (ജനനം/മരണം നടന്ന് 21 ദിവസങ്ങൾക്ക് ശേഷം 30 ദിവസങ്ങൾ വരെ)	1. ജനനമരണ റിപ്പോർട്ട് നിശ്ചിത മാതൃകയിൽ (ഫോറം 1, 2, 3 എന്നിവയിൽ ബാധകമായത്). 2. രജിസ്ട്രാർക്കുള്ള മാപ്പ് അപേക്ഷ	2 രൂപ	7 പ്രവൃത്തി ദിവസം	സെക്രട്ടറി	പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ
3	ജനന/മരണ രജിസ്ട്രേഷൻ (30 ദിവസത്തിനു ശേഷം 1 വർഷം വരെ)	1. പഞ്ചായത്ത് സെക്രട്ടറി മുഖാന്തിരം 5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് ഒട്ടിച്ച് ജനനം/മരണം രജിസ്റ്റർ ചെയ്യുന്നതിന് വൈകിയതിന് കാരണം കാണിക്കുന്ന പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്കുള്ള അപേക്ഷ, 2. ജനനം/മരണം റിപ്പോർട്ട് 2 പകർപ്പ്. 3. നോട്ടറി/ഗസറ്റഡ് ഓഫീസറുടെ മുമ്പാകെ അപേക്ഷകൻ നല്കിയ നിശ്ചിത മാതൃകയിലുള്ള സത്യവാങ്മൂലം, 4. ലോക്കൽ രജിസ്ട്രാറുടെ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ്	5 രൂപ	പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറിൽ നിന്ന് അനുവാദം ലഭിച്ച ശേഷം 7 പ്രവൃത്തി ദിവസം	സെക്രട്ടറി	പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ
4	ജനന രജിസ്റ്ററിൽ പേര് ചേർക്കൽ	1. 5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് ഒട്ടിച്ച നിശ്ചിതഫോറത്തിലുള്ള മാതാപിതാക്കളുടെ സംയുക്ത അപേക്ഷ 2. മാതാപിതാക്കളുടെ ഫോട്ടോ പതിച്ച തിരിച്ചറിയൽ രേഖകളുടെ പകർപ്പ്	5 രൂപ	7 ദിവസം	സെക്രട്ടറി	പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

5	സ്കൂളിൽ ചേർക്കുന്നതിന് മുമ്പുള്ള പേര് ചേർക്കലും പേര് തിരുത്തലും	1. 5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച മാതാവ്/പിതാവ്/രക്ഷിതാവിന്റെ യോ അപേക്ഷ (ജിഒ(പി)199/2015/ എൽ.എസ്.ജി.ഡി തീയതി 23/06/2015) 2. അപേക്ഷയിൽ ഒപ്പു വെച്ചിരിക്കുന്നവരുടെ ഫോട്ടോ പതിച്ച തിരിച്ചറിയൽരേഖകൾ. 3. തിരുത്തലുകൾക്ക് വെള്ളക്കടലാസിൽ സത്യവാങ്മൂലവും മുമ്പ് കൈപ്പറ്റിയ സർട്ടിഫിക്കറ്റും. (സർക്കുലർ നം.31512/ആർഡി 3 /13/തസ്വഭവ തീയതി 17/10/2013	1. രജിസ്ട്രേഷൻ തീയതിക്കുശേഷം 1 വർഷം വരെ ഫീസില്ല 2. ഒരു വർഷത്തിനു ശേഷം 5/- രൂപ ലേറ്റ് ഫീസ്. 3. തിരുത്തലുകൾക്ക് കോമ്പൗണ്ടിംഗ് ഫീ 50/- രൂപ	7 ദിവസം	സെക്രട്ടറി	പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ
6	ജനനരജിസ്റ്ററിലെ ജനന തീയതിയും സ്കൂൾ രേഖയിലെ ജനന തീയതിയും തമ്മിൽ 10 മാസത്തിലേറെ വ്യത്യാസമുണ്ടെങ്കിൽ പേര് ചേർക്കുന്നതിന് ജില്ലാ രജിസ്ട്രാറിൽ നിന്നുള്ള അനുമതി	1. 5/- രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച മാതാവ്/ പിതാവ്/ രക്ഷിതാവിന്റെയോ അപേക്ഷ ജിഒ(പി)199/2015/എൽഎസ്ജി ഡി തീയതി 23/06/2015) 2. സ്കൂൾരേഖയുടെ ശരിപകർപ്പ്/ സ്കൂൾരേഖയിലെ പേര്, ജനന തീയതി, മാതാപിതാക്കളുടെ പേര് എന്നിവ കാണിക്കുന്ന വിദ്യാഭ്യാസ അധികാരികളിൽ നിന്നുള്ള സാക്ഷ്യപത്രം. 3. ജനനക്രമം കാണിക്കുന്ന പ്രഖ്യാപനം. ജനന ക്രമത്തിൽ കാണിച്ചിട്ടുള്ള കുട്ടികളുടെ ജനന തീയതി/വയസ്സ് തെളിയിക്കുന്നതിന് ജനന സർട്ടിഫിക്കറ്റ് / സ്കൂൾരേഖ/റേഷൻ കാർഡ്/ആശുപത്രി രേഖ എന്നിവയിൽ ഏതെങ്കിലും ഒന്നിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്	ഫീസില്ല	അപേക്ഷ ലഭിച്ച് 15 ദിവസം	സെക്രട്ടറി	പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ
7	സ്കൂളിൽ	1. 5/- രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച ലോക്കൽ രജിസ്ട്രർക്കുള്ള (സെക്രട്ടറി) അപേക്ഷ.(അപേക്ഷ				

	ചേർത്തതിനുശേഷം ജനനരജിസ്റ്ററിൽ പേര് ചേർക്കലും പേര് തിരുത്തലും	അപേക്ഷകർ മാതാവ്/പിതാവ്/ രക്ഷിതാവ് /പ്രായപൂർത്തിയായവർ ആണെങ്കിൽ അവർ തന്നെ നല്കണം. പ്രായപൂർത്തിയായവർ അപേക്ഷിക്കുന്ന സംഗതിയിൽ മാതാപിതാക്കളുടെ തിരിച്ചറിയൽ രേഖ ആവശ്യമില്ല.) 2. സ്കൂൾ രേഖയുടെ ശരിപ്പകർപ്പ് /സ്കൂൾ രേഖയിലെ പേര്, ജനന തീയതി, മാതാപിതാക്കളുടെ പേര് എന്നിവ കാണിക്കുന്ന വിദ്യാഭ്യാസ അധികാരികളിൽനിന്നുള്ള സാക്ഷ്യപത്രം. 3. അപേക്ഷകർ മാതാവ്/പിതാവ്/ രക്ഷിതാവ് ആണെങ്കിൽ അവരുടെ തിരിച്ചറിയൽ കാർഡിന്റെ പകർപ്പ്. 4. ജനനക്രമം കാണിക്കുന്ന പ്രഖ്യാപനം	ലേറ്റ് ഫീസ് 5/- രൂപ	7 പ്രവൃത്തി ദിവസം	സെക്രട്ടറി	പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ
8	സ്കൂൾ വിദ്യാഭ്യാസം നേടാത്തവരുടെ സംഗതികളിൽ (6 വയസ്സിന് ശേഷം)	1. 5/- രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച അപേക്ഷ. 2. അപേക്ഷയിൽ ഒപ്പ് വെച്ചിരിക്കുന്ന തിരിച്ചറിയൽ രേഖകൾ, 3. മാതാപിതാക്കളുടെ എല്ലാ കുട്ടികളുടേയും പേര്, ജനന തീയതി, ജനനക്രമം എന്നിവ കാണിക്കുന്ന സത്യവാങ്മൂലം 4. മാതാപിതാക്കളുടെ തിരിച്ചറിയൽ രേഖ. (അപേക്ഷ മാതാവ്/പിതാവ്/ രക്ഷിതാവ് /പ്രായപൂർത്തിയായവർ ആണെങ്കിൽ അവർ തന്നെ നല്കണം. പ്രായപൂർത്തിയാ യവർ അപേക്ഷിക്കുന്ന സംഗതിയിൽ മാതാപിതാക്കളുടെ തിരിച്ചറിയർ രേഖ ആവശ്യമില്ല.)	ലേറ്റ് ഫീസ് 5/- രൂപ	7 പ്രവൃത്തി ദിവസം	സെക്രട്ടറി	പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ
9	1970 ഏപ്രിൽ ഒന്നാം തീയതിയ്ക്ക് മുമ്പുള്ള ജനന രജിസ്ട്രേഷനിൽ പേര്	1. ചീഫ് രജിസ്ട്രർക്കുള്ള 5/- രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച അപേക്ഷ.(1970ന് മുമ്പുള്ള ജനനമായതിനാൽ രജിസ്റ്റർ ചെയ്യപ്പെടേണ്ട വ്യക്തിതന്നെ യാണ്	ലേറ്റ് ഫീസ് 5/- രൂപ	ചീഫ് രജിസ്ട്രാറുടെ	സെക്രട്ടറി	പഞ്ചായത്ത് ഡെപ്യൂട്ടി

	ചേർക്കൽ	അപേക്ഷ സമർപ്പി ക്കേണ്ടത്) 2. സ്കൂൾരേഖയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്. 3. മാതാപിതാക്കൾക്ക് ജനിച്ചിട്ടുള്ള എല്ലാ കുട്ടികളുടെയും പേര്, ജനന തീയതി, ജനനക്രമം, ജീവിച്ചിരിക്കുന്നോ/ഇല്ലയോ എന്നിവ വ്യക്തമാക്കുന്ന സത്യവാങ്മൂലം (മാതൃക പഞ്ചായത്തിൽ ലഭ്യമാണ്.)		അനുമതി ലഭിച്ച് 7 പ്രവൃത്തി ദിവസം		ഡയറക്ടർ
10	ജനന രജിസ്റ്ററിൽ സ്കൂളിൽ ചേർക്കുന്നതിന് മുമ്പ് ചേർത്ത പേര് സ്കൂൾ രേഖകളിലേത്പോലെ തിരുത്തൽ	1. തെറ്റായി പേര് ചേർക്കാൻ ഇടയായ സാഹചര്യം വ്യക്തമാക്കിക്കൊണ്ടുള്ള 5/- രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച അപേക്ഷ. (മാതൃക പഞ്ചായത്തിൽ ലഭ്യമാണ്. 2. സ്കൂൾരേഖയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്. 3. തെറ്റായ പേര് ചേർക്കാൻ ഇടയായ സാഹചര്യം വ്യക്തമാക്കുന്ന മാതാപിതാക്കളുടെ/അപേക്ഷകന്റെ സത്യവാങ്മൂലം 100/- രൂപ മുദ്രപത്രത്തിൽ (മാതൃക പഞ്ചായത്തിൽ ലഭ്യമാണ്.)		7 പ്രവൃത്തി ദിവസം	സെക്രട്ടറി	പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ
11	മാതാപിതാക്കളുടെ പേര്, (ഇനീഷ്യൽ വികസിപ്പിക്കൽ ഭാര്യയുടെ പേരിനൊപ്പം ഭർത്താവിന്റെ പേര് ചേർക്കൽ, മേൽവിലാസത്തിലെ അക്ഷരത്തെറ്റുകൾ) തിരുത്തൽ	1. 5/- രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച അപേക്ഷ. 2. തിരുത്തൽ സംബന്ധിച്ച് നോട്ടറി, ഗസറ്റഡ് ആഫീസർമാർ, വില്ലേജ് ആഫീസർ എന്നിവരുടെ സർട്ടിഫിക്കറ്റ്, തിരിച്ചറിയൽ രേഖ	ഇല്ല	15 പ്രവൃത്തി ദിവസം	സെക്രട്ടറി	പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

12	കുട്ടിയുടെ പേരിലെ ഇനീഷ്യൽ വികസിപ്പിച്ച് തിരുത്തൽ നടത്തൽ	1. പ്രായപൂർത്തിയാകാത്ത കുട്ടിയുടെ സംഗതികളിൽ മാതാപിതാക്കളുടെ സംയുക്ത അപേക്ഷ (5/- രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ചത് അല്ലെങ്കിൽ കുട്ടി പ്രായപൂർത്തി യായതാണങ്കിൽ കുട്ടിയുടെ അപേക്ഷ. 2. തെറ്റായി പേരു ചേർക്കാനിടയായ സാഹചര്യം വ്യക്തമാക്കുന്ന സത്യവാങ്മൂലം)	കോമ്പൗണ്ടിംഗ് ഫീസ് 50/- രൂപ	15 പ്രവൃത്തി ദിവസം	സെക്രട്ടറി	പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ
13	ജനന മരണ രജിസ്ട്രേഷൻ രേഖപ്പെടുത്തലുകളിലെ തിരുത്തലുകൾ	1. 5/- രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച അപേക്ഷ. (മാതൃക പഞ്ചായത്തിൽ ലഭ്യമാണ്.) 2. ജനനം /മരണം റിപ്പോർട്ട് ചെയ്തപ്പോൾ വിവരം നൽകിയ വ്യക്തിയുടെ/ സ്ഥാപനത്തിന്റെ തിരുത്തൽ കത്ത്. (സ്ഥാപനം നിലവിൽ ഇല്ലാതായിട്ടുണ്ടെങ്കിലോ വീട്ടിൽവെച്ച് നടന്ന ജനന-മരണങ്ങളുടെ കാര്യത്തിൽ റിപ്പോർട്ട് ചെയ്ത ആൾ ജീവിച്ചിരിപ്പില്ലെങ്കിലോ പ്രസ്തുത വിവരത്തിന് സത്യവാങ്മൂലം മതിയാകുന്നതാണ്.) 3. ജനിച്ച/മരിച്ച ആളുടെപേര്, അവരുടെ മാതാപിതാക്കളുടെ പേര്, വിലാസം എന്നിവ തിരുത്തുന്ന കാര്യത്തിൽ ബന്ധപ്പെട്ട വില്ലേജ് ആഫീസറിൽ നിന്നുള്ള സർട്ടിഫിക്കറ്റ്. 4. പേരിലുള്ള തിരുത്തൽ ആണെങ്കിൽ സ്കൂൾരേഖ, ഡ്രൈവിംഗ് ലൈസൻസ്, പാസ് പോർട്ട്, തിരിച്ചറിയൽ കാർഡ് റേഷൻ കാർഡ്/ആധാർ കാർഡ് എന്നിവയിൽ ഏതെങ്കി ലും ഒന്നിന്റെ പകർപ്പ്. 5. വിശ്വസനീയമായ രണ്ട് വ്യക്തികളുടെ	ഇല്ല	7 പ്രവൃത്തി ദിവസം	സെക്രട്ടറി	പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

		(ഗസറ്റഡ് ആഫീസർ വേണമെന്നില്ല) ഡിക്ലറേഷൻ (വസ്തുതാപരമായ തിരുത്തലുകൾക്ക്). 6. മുമ്പ്കൈപ്പറ്റിയ സർട്ടിഫിക്കറ്റ് (കൈപ്പറ്റിയിട്ടുണ്ടെങ്കിൽ മാത്രം)				
14	1970 ഏപ്രിൽ ഒന്നാം തീയതിയ്ക്ക് മുമ്പുള്ള ജനന മരണ രജിസ്ട്രേഷനുകളിലെ തിരുത്തലുകൾ	1. ചീഫ് രജിസ്ട്രാർക്കു ള്ള അപേക്ഷ. 2. സ്കൂൾരേഖയുടെ സാക്ഷ്യപ്പെടുത്തിയ ശരിപകർപ്പ്. 3. ജനനം/മരണം റിപ്പോർട്ട്ചെയ്ത വ്യക്തിയുടെ അപേക്ഷ. (വ്യക്തി ജീവിച്ചിരിപ്പില്ലായെങ്കിൽ അത് സംബന്ധമായ സത്യവാങ്മൂലം). 4. മാതാപിതാക്കൾക്ക് ജനിച്ചിട്ടുള്ള എല്ലാ കുട്ടികളുടേയും പേർ, ജനന തീയതി, ജനനക്രമം, ജീവിച്ചിരിക്കുന്നുവോ ഇല്ലയോ എന്ന് വ്യക്തമാക്കുന്ന നിശ്ചിത ഫോറത്തിലുള്ള സത്യവാങ്മൂലം (ജനന രജിസ്ട്രേഷനിലെ തിരുത്തലുകൾക്ക്). 5. ഒരു പേര് മറ്റൊന്നായി തിരുത്തുന്നതിന് റവന്യൂ അധികാരികളിൽ നിന്നുള്ള സാക്ഷ്യപത്രം. 6. രണ്ട് വിശ്വസനീയ വ്യക്തികളിൽ നിന്നുള്ള ഡിക്ലറേഷൻ. 7. ആശുപത്രി കളിൽ നിന്ന് റിപ്പോർട്ട് ചെയ്ത കേസുകളിൽ തിരുത്തലിന് ആശുപത്രി അധികാരികളുടെ തിരുത്തൽ കത്തും ജനന രജിസ്ട്രേഷനിലെ തിരുത്തലുകൾക്ക് ഗൈനക് രജിസ്റ്ററിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പും സ്ഥാപനം നിലവിലില്ലെങ്കിൽ പ്രസ്തുത വിവരത്തിനുള്ള സത്യവാങ്മൂലം	ഇല്ല	ചീഫ് രജിസ്ട്രാറുടെ അനുമതി ലഭിച്ച് 7 പ്രവൃത്തി ദിവസം	സെക്രട്ടറി	പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

15	ജനന/മരണം വൈകി രജിസ്റ്റർ ചെയ്യൽ (ഒരുവർഷത്തിനു ശേഷം)	1. സബ്ഡിവിഷൻ മജിസ്ട്രേറ്റിന്റെ അനുമതി യുടെ പകർപ്പും ജനന മരണ റിപ്പോർട്ടും	ലേറ്റ് ഫീസ്10 രൂപ	സബ്ഡിവിഷൻ മജിസ്ട്രേറ്റിന്റെ അനുമതി ലഭിച്ച് 7 പവൃത്തി ദിവസത്തിനകം	സെക്രട്ടറി	പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ
16	ജനന-മരണ സർട്ടിഫിക്കറ്റിനുള്ള അപേക്ഷ (സെക്ഷൻ 17 അനുസരിച്ച് മാത്രം)	1. 5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് ഒട്ടിച്ച നിർദ്ദിഷ്ടമാതൃയിലുള്ള, അപേക്ഷകന്റെ പേരിലുള്ള 50 രൂപ യുടെ മുദ്രപത്രം സഹിതം സമർപ്പിക്കണം. (പഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ജനന/മരണങ്ങൾ മാത്രം	തെരച്ചിൽഫീസ് 2 രൂപ (പ്രതിവർഷം) പകർപ്പ് ഫീസ് 10 രൂപ	7 പ്രവൃത്തി ദിവസം	സെക്രട്ടറി	പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ
17	നിയമപരമായി ദത്തെടുക്കുന്ന കുട്ടികളുടെ ജനന രജിസ്ട്രേഷൻ	1. ജനന റിപ്പോർട്ട് (2) ദത്തെടുക്കൽ സംബന്ധിച്ച് കോടതി ഉത്തരവിന്റെ പകർപ്പ് (3) ദത്തെടുക്കുന്ന മാതാപിതാക്കളുടെ താമസ സ്ഥലം തെളിയിക്കുന്നരേഖ (റേഷൻ കാർഡ് ഇലക്ഷൻ തിരിച്ചറിയൽ കാർഡ് മുതലായവ) കോടതി ഉത്തരവുള്ള തിനാൽ പ്രത്യേക അനുമതി ആവശ്യമില്ല)	കോടതി ഉത്തരവു മുതൽ 21 ദിവസത്തി നുശേഷം ഒരു വർഷം വരെ 5 രൂപ 1 വർഷ ത്തിന് ശേഷം 10 രൂപ	കോടതി ഉത്തരവു ഹാജരാക്കിയ ശേഷം 10 പ്രവൃത്തി ദിവസം	സെക്രട്ടറി	പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ
18	നിയമപരമായി ദത്തെടുക്കാത്ത കുട്ടികളുടെ ജനന രജിസ്ട്രേഷൻ	1. ജനന റിപ്പോർട്ട്, 2. വിശ്വസനീയരായ രണ്ട് വ്യക്തികളിൽ നിന്നുള്ള സത്യപ്രസ്താവന. 3. മാതാപിതാക്കളുടെ താമസസ്ഥലം തെളിയിക്കുന്ന രേഖകൾ. 4. എസ്.എസ്.എൽ.സി ബുക്ക്, റേഷൻ കാർഡ്, വോട്ടേഴ്സ് ഐ.ഡി.കാർഡ്, ആധാർ കാർഡ് മറ്റുമുള്ള രേഖകൾ	ലേറ്റ് ഫീസ് 10/- രൂപ	രജിസ്ട്രേഷൻ അനുമതി ലഭിച്ച് 15 പ്രവൃത്തി ദിവസത്തിനകം	സെക്രട്ടറി	പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

19	വിദേശത്ത് നടന്ന ജനനം രജിസറ്റർ ചെയ്യൽ	1. 60 ദിവസങ്ങൾക്കുള്ളിൽ സമർപ്പിക്കുന്ന സംഗതിയിൽ : 1. ജനന റിപ്പോർട്ട് (2 കോപ്പി-ഫാറം 1) 2. ഏത് സ്ഥലത്ത് സ്ഥിരതാമസമാക്കാൻ ഉദ്ദേശക്കുന്നു എന്നത് സംബന്ധിച്ച് മുദ്രപത്രത്തിലുള്ള സത്യവാങ്മൂലം 3. മാതാപിതാക്കൾ ഇന്ത്യയിൽ വന്നിറങ്ങിയ തീയതി കാണിക്കുന്ന പാസ്പോർട്ടിന്റെ രേഖകൾ 4. കുട്ടിയുടെ ജനന തീയതി കാണിക്കുന്ന ഏതെങ്കിലും രേഖ, 60 ദിവസത്തിനുശേഷം 1. മുകളിലെ ക്രമനമ്പർ 1, 2, 3, പ്രകാരമുള്ള രേഖകൾ, 2. വൈകിയ തിന്റെ കാരണം കാണിക്കുന്ന അഫിഡവിറ്റ് - നോട്ടറി/ഗസറ്റഡ് ആഫീസർ അറ്റസ്റ്റ് ചെയ്തത് (ജില്ലാ രജിസ്ട്രാർക്ക് അപേക്ഷിക്കുന്ന സംഗതിയിൽ) 3. 60 ദിവസത്തിനകം രജിസ്റ്റർ ചെയ്തിട്ടില്ലെന്ന സെക്രട്ടറിയുടെ റിപ്പോർട്ട്.	ജനനം നടന്ന് 60 ദിവസത്തിന് ശേഷം ഒരു വർഷം വരെ 5 രൂപ, ഒരുവർഷത്തിനുശേഷം 10 രൂപ	റിപ്പോർട്ട് ലഭിച്ച് 30 പ്രവൃത്തി ദിവസത്തിനകം	സെക്രട്ടറി	പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ
20	ഹിന്ദു വിവാഹരജിസ്ട്രേഷൻ (വിവാഹ തീയതി മുതൽ 30 ദിവസം വരെ)	1. ഹിന്ദു മതാചാര പ്രകാരം വിവാഹം നടന്നതിന്റെ രേഖ. 2. ദമ്പതികളുടെ വയസ്സ് തെളിയിക്കുന്ന സർട്ടിഫിക്കറ്റ്, 3. പൂരിപ്പിച്ച നിർദ്ദിഷ്ട വിവാഹ റിപ്പോർട്ട് രണ്ട് പകർപ്പ് . (വിവാഹം നടന്ന് 15 ദിവസത്തിനു ശേഷം 30 ദിവസം വരെ) കാലതാമസം മാപ്പാക്കുന്നതിനുള്ള ദമ്പതികളുടെ 5/- രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച സംയുക്ത അപേക്ഷ പ്രകാരം ലോക്കൽ രജിസ്ട്രാർക്ക് രജിസ്റ്റർ ചെയ്യാം	ഇല്ല	15 പ്രവൃത്തി ദിവസം	സെക്രട്ടറി	പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

21	ഹിന്ദു വിവാഹ രജിസ്ട്രേഷൻ (വിവാഹം നടന്ന് 30 ദിവസത്തിന് ശേഷം)	1. ഹിന്ദു മതാചാര പ്രകാരം വിവാഹം നടന്നതിന്റെ രേഖ. 2. ദമ്പതികളുടെ വയസ്സ് തെളിയിക്കുന്ന സർട്ടിഫിക്കറ്റ്, 3. പൂരിപ്പിച്ച നിർദ്ദിഷ്ട വിവാഹ റിപ്പോർട്ട് രണ്ട് പകർപ്പ് . ഹിന്ദു വിവാഹ നിയമപ്രകാരമുള്ള വിവാഹങ്ങൾ മാത്രം രജിസ്റ്റർ ചെയ്താർമതി. (വിവാഹം നടന്ന് 15 ദിവസത്തിനു ശേഷം 30 ദിവസം വരെ) കാലതാമസം മാപ്പാക്കുന്നതിന് ലോക്കൽ രജിസ്ട്രാർക്കും ജില്ലാ രജിസ്ട്രാർക്കുമുള്ള 5/- രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച മാപ്പപേക്ഷ	ഇല്ല	അനുവാദം ലഭിച്ച് 15 പ്രവൃത്തി ദിവസം	സെക്രട്ടറി	പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ
22	ഹിന്ദു വിവാഹ രജിസ്ട്രേഷൻ (തിരുത്തലുകൾ വരുത്തുന്നതിന്)	1. രജിസ്ട്രാർ ജനറലിനുള്ള (പഞ്ചായത്ത് ഡയറക്ടർ) സംയുക്ത അപേക്ഷ 5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ചത്. 2. വിവാഹം നടന്ന ദിവസത്തെ അടിസ്ഥാനമാക്കി യുള്ള ശരിയായ വിവരങ്ങൾ ഉൾക്കൊള്ളുന്ന രേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്, 3. പേരിൽ തെറ്റുണ്ടെങ്കിൽ തിരുത്തുന്നതിന് വില്ലേജ് ഓഫീസറുടെ സാക്ഷ്യപത്രം.	ഇല്ല	അനുവാദം ലഭിച്ച് 7 പ്രവൃത്തി ദിവസം	സെക്രട്ടറി	പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ
23	വിവാഹരജിസ്റ്ററിലെ പേര്, വയസ്സ്, തീയതി എന്നീ സാരവത്തായ ഉൾക്കുറിപ്പുകൾ തിരുത്തൽ	പേരിൽ വന്ന തെറ്റ് തിരുത്തുന്നതിന് വില്ലേജ് ഓഫീസറുടെ സാക്ഷ്യപത്രം. രജിസ്ട്രേഷനിൽ സംഭവിച്ചിട്ടുള്ള തെറ്റുകളുടെ ശരിയായ വിവരങ്ങൾ തെളിയിക്കുന്നതിനുള്ള ആധികാരിക രേഖകൾ, അഞ്ച് രൂപ കോർട്ട് ഫീസ് സ്റ്റാമ്പ് ഒട്ടിച്ച അപേക്ഷ.	10 രൂപ	7 പ്രവൃത്തി ദിവസം	സെക്രട്ടറി	പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

24	പൊതു വിവാഹരജിസ്ട്രേഷൻ (45 ദിവസംവരെ)**	1. പഞ്ചായത്തിൽ നിന്നും സൗജന്യമായി ലഭിക്കുന്ന മെമ്മോറാണ്ടം പൂരിപ്പിച്ച രണ്ട് കോപ്പി, 2. വധൂവരന്മാരുടെ ജനന തീയതി തെളിയിക്കുന്നതിനാവശ്യമായ തെളിവുകളുടെ സാക്ഷ്യപ്പെടുത്തിയ (ജനന സർട്ടിഫിക്കറ്റ്/സ്കൂൾ സർട്ടിഫിക്കറ്റ്/ പാസ്പോർട്ട്/ഡ്രൈവിംഗ് ലൈസൻസ്/ജനന തീയതി രേഖപ്പെടുത്തിയ തിരിച്ചറിയൽ കാർഡ്) രണ്ട് കോപ്പി, 3. വിവാഹം ആശീർവദിച്ചുനൽകിയ അധികാരിയുടെ സാക്ഷ്യപത്രം, 4. സാക്ഷികളുടെ തിരിച്ചറിയൽകാർഡിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്, 5. 3 സെറ്റ് പാസ്പോർട്ട് സൈസ് ഫോട്ടോ ഇവ സഹിതം വധൂവരന്മാർ പഞ്ചായത്ത് ഓഫീസിൽ നേരിട്ട് ഹാജരാകണം.	100 രൂപ രജിസ്ട്രേഷൻ 20 രൂപ സർട്ടിഫിക്കറ്റ് ഫീസ്	രജിസ്ട്രേഷൻ 7 പ്രവൃത്തി ദിവസം	സെക്രട്ടറി	പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ
25	പൊതു വിവാഹരജിസ്ടേഷൻ (45 ദിവസത്തിനുശേഷം 5 വർഷം വരെ)**	ക്രമ നമ്പർ 24 ൽ പറഞ്ഞിരിക്കുന്ന രേഖകളിൽ നിന്നും അധികമായി മെമ്മോറാണ്ടം ഒരു ഗസറ്റഡ് ഓഫീസിൽ നിന്നോ പാർലമെന്റ് അംഗത്തിൽ നിന്നോ തദ്ദേശ സ്ഥാപനത്തിലെ അംഗത്തിൽ നിന്നോ പൊതുവിവാഹ ചട്ടങ്ങൾക്ക് അനുബന്ധമായുള്ള രണ്ടാം നമ്പർ ഫാറത്തിലുള്ള ഒരുപ്രഖ്യാപനം.	100 രൂപ പിഴ, 100 രൂപ രജിസ്ട്രേഷൻ 20 രൂപ സർട്ടിഫിക്കറ്റ്	രജിസ്ട്രേഷൻ അതേ ദിവസം സർട്ടിഫിക്കറ്റ് 10 ദിവസം	സെക്രട്ടറി	പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ
26	പൊതു വിവാഹരജിസ്ട്രേഷൻ (5 വർഷത്തിനുശേഷം)	ക്രമ നമ്പർ 25 പ്രകാരമുള്ള രേഖകൾക്ക് പുറമെ രജിസ്ട്രേഷൻ അനുവാദത്തിനായി പഞ്ചായത്ത് സെക്രട്ടറി മുഖേന പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്കുള്ള മാപ്പപേക്ഷ.	100/- രൂപ രജിസ്ട്രേഷൻ ഫീ (ബിപിഎൽ /എസ്.റ്റി/ എസ്.സി 10/- രൂപ), 20 രൂപ സർട്ടിഫിക്കറ്റ്, 250 രൂപ പിഴ	അനുവാദം കിട്ടി 7 പ്രവൃത്തി ദിവസം	സെക്രട്ടറി	പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

27	പൊതുവിവാഹസർട്ടിഫിക്കറ്റ്	5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് ഒട്ടിച്ച അപേക്ഷ	20 രൂപ സർട്ടിഫിക്കറ്റ്	3 പ്രവൃത്തി ദിവസം	സെക്രട്ടറി	പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ
28	വിവാഹ രജിസ്റ്ററിലെ തിരുത്തലുകൾ (പേര്, വയസ്സ്, തീയതി മുതലായ സാരവത്തായ സംഗതികൾ ഒഴിച്ച്)	1. 5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് ഒട്ടിച്ച അപേക്ഷ, 2. രജിസ്ട്രേഷനിൽ സംഭവിച്ചിട്ടുള്ള തെറ്റുകളുടെ ശരിയായ വിവരങ്ങൾ തെളിയിക്കുന്നതിനുള്ള ആധികാരിക രേഖകൾ. 3. ഫീസ് 100/- രൂപ അടച്ച വിവരങ്ങൾ.	ക്ലറിക്കൽ തെറ്റുകൾക്ക് ഫീസില്ല. മറ്റ് തെറ്റുകൾ തിരുത്തുന്നതിനുള്ള ഫീസ് 100/- രൂപ മുൻകൂട്ടി അടച്ചിരിക്കണം.	15 പ്രവൃത്തി ദിവസം	സെക്രട്ടറി	പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ
29	വിവാഹ രജിസ്റ്ററിലെ തിരുത്തലുകൾ (പേര്, വയസ്സ്, തീയതി മുതലായ സാരവത്തായ ഉൾക്കുറിപ്പുകൾ തിരുത്തൽ	1. 5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് ഒട്ടിച്ച അപേക്ഷ, 2. രജിസ്ട്രേഷനിൽ സംഭവിച്ചിട്ടുള്ള തെറ്റുകളുടെ ശരിയായ വിവരങ്ങൾ തെളിയിക്കുന്നതിനുള്ള ആധികാരിക രേഖകൾ. 3. ഫീസ് 100/- രൂപ അടച്ച വിവരങ്ങൾ.	100/- രൂപ	7 പ്രവൃത്തി ദിവസം	സെക്രട്ടറി	പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ
30	കെട്ടിടങ്ങളുടെ ഉടമസ്ഥാവകാശം കൈമാറ്റം ചെയ്യൽ	1. വെള്ളക്കടലാസിൽ 5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച് കെട്ടിട ഉടമയുടേയും മുൻഉടമയുടേയും സംയുക്തമായി തയ്യാറാക്കിയ അപേക്ഷകൾ (ഒരാൾ മാത്രം അപേക്ഷിക്കുന്ന സംഗതിയിൽ രജിസ്റ്റർ പ്രകാരമുള്ള ഉടമസ്ഥന് 30 ദിവസം സമയം നല്കി നോട്ടീസ് നല്കണം.) 2. ആധാരത്തിന്റെ പകർപ്പും അസ്സലും. 3. കോടതി വിധിയോ ലേല പ്രകാരമോ ഉള്ള വില്പനയിൽ ടി ഉത്തരവുകളുടെ പകർപ്പ് (സാക്ഷ്യപ്പെടുത്തിയത്) ചട്ടം 23 ബി, 4. കെട്ടിട ഉടമ മരണപ്പെട്ട സംഗതിയിൽ മരണ സർട്ടിഫിക്കറ്റിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്, പിൻതുടർച്ചാ അവകാശം സംബന്ധിച്ച് ആവശ്യമായ രേഖകൾ	ആധാരം ചെയ്ത് വാങ്ങി 3 മാസത്തിനുള്ളിൽ ഉടമസ്ഥാവകാശം മാറ്റുന്നതിന് ഉള്ള അപേക്ഷകൾക്ക് ഫീസില്ല. 3 മാസത്തിന് ശേഷമാണെങ്കിൽ 500 ഫീസ്.	45 പ്രവൃത്തി ദിവസം	സെക്രട്ടറി	പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

31	ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ്	(1) 5 രൂപ കോർട്ട് ഫീസ് സ്റ്റാമ്പ് ഒട്ടിച്ച അപേക്ഷ. (2) തന്നാണ്ട് വസ്തു നികുതി ഒടുക്കിയ രസീതിന്റെ പകർപ്പ്.	ഇല്ല	3 പ്രവൃത്തി ദിവസം (രേഖകൾ കൃത്യമാണെങ്കിൽ അന്നുതന്നെ)	സെക്രട്ടറി	പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ
32	താമസ സർട്ടിഫിക്കറ്റ്	1. 5 രൂപ കോർട്ട് ഫീസ് സ്റ്റാമ്പ് ഒട്ടിച്ച അപേക്ഷ. 2. വാടകക്ക് താമസിക്കുന്നുവെങ്കിൽ കെട്ടിട ഉടമയുടെ സമ്മതപത്രം. 3. റേഷൻകാർഡിന്റെ പകർപ്പ്/മെമ്പറുടെ സാക്ഷ്യപത്രം.	ഇല്ല	7 പ്രവൃത്തി ദിവസം	സെക്രട്ടറി	പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ
33	ഫാക്ടറികൾ ആരംഭിക്കുന്നതിന് ലൈസൻസ്.	5 രൂപ കോർട്ട് ഫീസ് സ്റ്റാമ്പ് ഒട്ടിച്ച നിർദ്ദിഷ്ടഫാറത്തിലുള്ള അപേക്ഷ, സ്ഥാപനം ആരംഭിക്കുന്നതിന് 30 ദിവസം മുൻപ് സമർപ്പിച്ചിരിക്കണം. സ്ഥലത്തിന്റെ രേഖ, കെട്ടിടത്തിന്റ പ്ലാൻ, സമീപവാസികളുടെ സമ്മതപത്രം മറ്റുസ്ഥാപനങ്ങളിൽ നിന്നു ലഭിക്കുന്ന നിരാക്ഷേപ സാക്ഷ്യപത്രം ഇവ അപേക്ഷയോടൊപ്പം ഹാജരാക്കണം.	ചട്ടം അനുശാസിക്കുന്ന പ്രകാരം ഫീസ്	30 പ്രവൃത്തി ദിവസം	സെക്രട്ടറി	പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ
34	എഫി.ടി.ഇ. & ഒ.എസ് (ഡി & ഒ ട്രേഡ്) ലൈസൻസ്	5 രൂപ കോർട്ട് ഫീസ്സ്റ്റാമ്പ് ഒട്ടിച്ച നിർദ്ദിഷ്ട അപേക്ഷ, കെട്ടിടം സ്വന്തം അല്ലെങ്കിൽ കെട്ടിടം ഉടമയുടെ 200 രൂപ മുദ്രപത്രത്തിലുള്ള സമ്മതപത്രം.	ചട്ടം അനുശാസിക്കുന്ന പ്രകാരം ഫീസ്	30 പ്രവൃത്തി ദിവസം	സെക്രട്ടറി	പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

35	പി. പി. ആക്ട് പ്രകാരമുള്ള ലൈസൻസ്	5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച അപേക്ഷ സ്ഥലത്തിന്റെ സ്കെച്ചും പ്ലാനും, സ്ഥലത്തിന്റെ ഉടമസ്ഥാവകാശം തെളിയിക്കുന്ന രേഖ, അപേക്ഷകൻ സ്ഥല ഉടമ അല്ലെങ്കിൽ സ്ഥലം ഉടമയുടെ സമ്മത പത്രം.	ചട്ടം അനുശാസിക്കുന്ന പ്രകാരം ഫീസ്	21 പ്രവൃത്തി ദിവസം	സെക്രട്ടറി	പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ
36	കെട്ടിടത്തിന് നമ്പർ നൽകൽ (പെർമിറ്റ് പ്രകാരം പണിതവ)	1. വെള്ളകടലാസിൽ 5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച അപേക്ഷ, 2. കംപ്ലീഷൻ സർട്ടിഫിക്കറ്റ്, 3. കംപ്ലീഷൻ പ്ലാൻ പെർമിറ്റിൽ നിന്നും വ്യതിചലിച്ചു പണിതെങ്കിൽ റഗുലറൈസേഷൻ പ്ലാൻമാത്രം	നിയമാനുസൃത വസ്തുനികുതി (വിസ്തീർണ്ണത്തിനനുസരിച്ച്.)	15 പ്രവൃത്തി ദിവസത്തിനുള്ളിൽ	സെക്രട്ടറി	പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ
37	കെട്ടിടത്തിന് നമ്പർ നൽകൽ (പെർമിറ്റ് ആവശ്യമില്ലാത്തവ)	1. വെള്ളകടലാസിൽ 5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച അപേക്ഷ, 2. ഇന്റിമേഷൻ ഫാറം 3. കൈവശാവകാശ സർട്ടിഫിക്കറ്റ്, 4. ഭൂനികുതി രസീത്, 5. ആധാരത്തിന്റെ പകർപ്പ്. 6. കംപ്ലീഷൻ പ്ലാൻ	നിയമാനുസൃത വസ്തുനികുതി (വിസ്തീർണ്ണത്തിനനുസരിച്ച്.)	15 പ്രവൃത്തി ദിവസത്തിനുള്ളിൽ	സെക്രട്ടറി	പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ
38	കുടിൽകെട്ടുന്നതിനുള്ള അപേക്ഷ	1. വെള്ളപേപ്പറിലുള്ള അപേക്ഷ, 2. കുടിലിന്റെ സ്ഥാനവും സ്ഥല അതിർത്തിയും അടുത്ത വഴിയും വ്യക്തമാക്കുന്ന സൈറ്റ് പ്ലാൻ, 3. ഉടമസ്ഥാവകാശം വ്യക്തമാക്കുന്ന രേഖകൾ (ആധാരത്തിന്റെ പകർപ്പ് കൈവശവകാശസർട്ടിഫിക്കറ്റ്, കരം ഒടുക്കിയ രസീത്	ഇല്ല	7 പ്രവൃത്തി ദിവസം	സെക്രട്ടറി	പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

39	മതിൽ/വേലി പൊതുവഴിയോടും പൊതുസ്ഥലത്തോടും ചേർന്ന്വരുന്ന അതിർത്തികളിൽ നിർമ്മിക്കുന്നതിന്	1. വെള്ളപേപ്പറിൽ 5/- രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച അപേക്ഷ, 2. ഉടമസ്ഥാവകാശം വ്യക്തമാക്കുന്ന രേഖകൾ (ആധാരത്തിന്റെ പകർപ്പ്, കൈവശവകാശ സർട്ടിഫിക്കറ്റ്, കരം ഒടുക്കിയ രസീത്, 3. സൈറ്റ് പ്ലാൻ	അപേക്ഷഫീസ് 30/- വിസ്തീർണ്ണമനുസരിച്ച് ഉള്ള പെർമിറ്റ് ഫീസ്	30 പ്രവൃത്തി ദിവസം	സെക്രട്ടറി	പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ
40	താൽക്കാലിക ഷെഡുകൾ നിർമ്മിക്കൽ	1. വെള്ളപേപ്പറിലുള്ള 5/- രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച അപേക്ഷ, 2. ഉടമസ്ഥാവകാശം വ്യക്തമാക്കുന്ന രേഖകൾ (ആധാരത്തിന്റെ പകർപ്പ്, കൈവശാവകാശ സർട്ടിഫിക്കറ്റ്, കരം ഒടുക്കിയ രസീത്, 3. ലീസ് സംഗതികളിൽ ഉടമസ്ഥന്റെ സമ്മതപത്രം	ഇല്ല	30 പ്രവൃത്തി ദിവസം	സെക്രട്ടറി	പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ
41	ടെലി കമ്മ്യൂണിക്കേഷൻ ടവർ നിർമ്മിക്കൽ	ജിഒ(എംഎസ്)നം.14/2014/ഐറ്റിഡി തീയതി 15/3/2014. 1. കെപിബിആർ ചട്ടം അനുബന്ധം എയിലുള്ള അപേക്ഷ 5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ചത്. 2. സൈറ്റ് പ്ലാൻ, ലൊക്കേഷൻ പ്ലാൻ, എലിവേഷൻ, സെക്ഷൻ എന്നിവ രേഖപ്പെടുത്തിയ പ്ലാനുകൾ, 3. ടെലികമ്മ്യൂണി ക്കേഷൻ വകുപ്പിൽ നിന്നുള്ള രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്, ലൈസൻസിന്റെ പകർപ്പ്. 4. ഡാറ്റാ ഷീറ്റ് (സർവ്വീസ് നല്കുന്നവരുടെ പേര്, ലൊക്കേഷൻ, ടവർ റഫറൻസ്, ഉയരം, ഭാരം നിലത്തോ/ കെട്ടിടത്തിന് മുകളിലോ ആന്റിനകളുടെ എണ്ണം മുതലായവ. 5. എസ്.എ.സി.എഫ്.എ ക്ലിയറൻസ്/ക്ലിയറൻസിനുവേണ്ടി സമർപ്പിച്ച അപേക്ഷയുടെ പകർപ്പും അണ്ടർ ടേക്കിംഗ് കത്തും. 6. ഗ്രൗണ്ട് ടവറിന്റെ സംഗതിയിൽ സ്ട്രക്ചറൽ സ്റ്റെബിലിറ്റി	അപേക്ഷ ഫീസ് 1000/- രൂപ പെർമിറ്റ് ഫീ . 10,000/- രൂപ	30 പ്രവൃത്തി ദിവസം	സെക്രട്ടറി	പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

		സർട്ടിഫിക്കറ്റിന്റെ പകർപ്പ്/കെട്ടിടത്തിന് മുകളിലുള്ള ടവറാണെങ്കിൽ അധികാരപ്പെട്ട എഞ്ചിനീയറിൽ നിന്നും കെട്ടിടത്തിന്റെയും ടവറിന്റെയും സുരക്ഷിതത്വം സംബന്ധിച്ചുള്ള അംഗീകാരം. 7. ഡീസൽ ജനറേറ്റർസിസ്റ്റം സംബന്ധിച്ച് ഇന്ത്യ-ഓട്ടോ മോട്ടീവ് റിസർച്ച് അസോസിയേഷനിൽ നിന്നുള്ള ടെസ്റ്റ് സർട്ടിഫി ക്കറ്റിന്റെ പകർപ്പ്, 8. ഫയർ ക്ലിയറൻസ് ആവശ്യമായ സംഗതികളിൽ ഫയർ സേഫ്റ്റി ഡിപ്പാർട്ട്മെന്റിൽ നിന്നുള്ള ക്ലിയറൻസ് സർട്ടിഫിക്കറ്റ് 9. വനസംരക്ഷണ പ്രദേശമാണെങ്കിൽ ഫോറസ്റ്റ് പരിസ്ഥിതി ക്ലീയറൻസ് സർട്ടിഫിക്കറ്റ്. 10. ഉടമസ്ഥാവ കാശരേഖ/അപേക്ഷകൻ ഉടമയല്ലെങ്കിൽ ടവർ നിർമ്മാണത്തിന് വേണ്ടിയുള്ള സ്ഥലം/കെട്ടിടത്തിന്റെ മുകൾഭാഗം നൽകി കൊണ്ടുള്ള സ്ഥലം ഉടമ/കെട്ടിട ഉടമയുടെ പക്കൽ നിന്നുള്ള അനുമതി/ഉടമ്പടി പ്രമാണം. 11. പൊതുജനങ്ങളുടെ സുരക്ഷിതത്വം ഉറപ്പാക്കിക്കൊണ്ട് (വിത്ത് ഇൻ സേഫ് ഇ.എം.ആർ എക്സ്പോഷർ ലിമിറ്റ്) സർവ്വീസ് പ്രൊവൈഡർ സമർപ്പിച്ച് സർട്ടിഫിക്കറ്റ് കൈപ്പറ്റിയതിന് ടെലികമ്മ്യൂണിക്കേഷൻ ഡിപ്പാർട്ട്മെന്റ് നൽകിയ രേഖ.				
42	ബിൽഡിംഗ് പെർമിറ്റ്/ ഉപയോഗമാറ്റം	1. അപ്പൻഡിക്സ് എ യിലുള്ള അപേക്ഷ (കോർട്ട് ഫീ പതിച്ചത്, 2. പട്ടയം/ആധാരത്തിന്റെ പകർപ്പ്, 3. കൈവശാവകാശ സർട്ടിഫിക്കറ്റ് (ഭൂമിയുടെ തരം രേഖപ്പെടുത്തിയത്), 4. ഭൂ നികുതി രസീത്, 5. ബിൽഡിംഗ് പ്ലാൻ, സൈറ്റ് പ്ലാൻ,	അപേക്ഷ ഫീസ് 100/. പെർമിറ്റ് ഫീസ് ചട്ട പ്രകാരം	15 പ്രവൃത്തിദിവസം	സെക്രട്ടറി	പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

		ലൊക്കേഷൻ പ്ലാൻ, എലിവേഷൻ സെക്ഷൻ, ടെറസ് പ്ലാൻ, സർവ്വീസ് പ്ലാൻ, സ്പെസിഫിക്കേഷൻ, മഴവെള്ള സംഭരണി പ്ലാൻ, പാർക്കിംഗ് പ്ലാൻ, ആവശ്യമെങ്കിൽ 6. ബിൽഡിംഗ് ലൈസൻസിയുടെ ലൈസൻ സിന്റെ പകർപ്പ്, 7. മഴവെള്ള സംഭരണി പ്ലാൻ ആവശ്യമെങ്കിൽ				
